**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1441** **18-01-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യസമ്പത്തിന്റെ സുസ്ഥിരത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .ഡി. സതീശൻ | | **Smt. J. Mercykutty Amma**<br>**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി)** | |
| (എ) | മത്സ്യബന്ധനവുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമങ്ങളും നിയന്ത്രണങ്ങളും മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കുവാൻ പര്യാപ്തമല്ലായെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ ഏതെങ്കിലും നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പാക്കാനും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താത്പര്യം സംരക്ഷിക്കാനും പര്യാപ്തമായ തരത്തിൽ 1980 ലെ കെ. എം. എഫ്. ആർ.ആക്റ്റിൽ കാലോചിതമായ ഭേദഗതി വരുത്തുകയും ആയത് 2017 സപ്തംബർ 18 ന് പ്രാബല്യത്തിൽ വരുകയും ചെയ്തിട്ടുണ്ട്. കാലോചിതമായി സമഗ്രമായ ഭേദഗതികൾ വരുത്തിയ KMFR Act (KMFR (Amendment) Act 2017) മത്സ്യമേഖലയിൽ കർശനമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനായി ആവശ്യമായ ചട്ടങ്ങൾ ഉൾപ്പെടുത്തി കെ. എം. എഫ്. ആർ. റൂൾ 2018 ആവിഷ്കരിയ്ക്കുകയും ആയത് 2018 സെപ്തംബർ 1 ന് പ്രാബല്യത്തിൽ വരുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പങ്കാളിത്ത വിഭവപരിപാലനത്തിനും, നിയന്ത്രണത്തിനുമായി ത്രിതല ഫിഷറീസ് മാനേജ്മെന്റുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. ഭേദഗതി വരുത്തിയ കെ.എം.എഫ്.ആർ ആക്റ്റിലെ 13 എ വകുപ്പ് പ്രകാരം പങ്കാളിത്ത വിഭവ പരിപാലനത്തിനും നിയന്ത്രണത്തിനും വേണ്ടി സംസ്ഥാനം, ജില്ല, മത്സ്യ ഗ്രാമം എന്നീ തലങ്ങളിലായി ഫിഷറീസ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (സി) | ഇവരുടെ പ്രവർത്തനഫലമായി സമുദ്ര മത്സ്യോല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | കെ.എം. എഫ്. ആർ, നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും, 2018-ൽ പുതിയ കെ.എം.എഫ്.ആർ. റൂൾ പ്രാബല്യത്തിൽ വരുകയും, ശാസ്ത്രീയ മത്സ്യബന്ധന രീതികൾ അവലംബിക്കുകയും, ചെറുമീനുകളെ പിടിക്കുന്നതിൽ കർശന നടപടികൾ സ്വീകരിക്കുകയും, ചെയ്തതിന്റെ ഫലമായി 2017-18 ലെ സമുദ്ര മത്സ്യോല്പദനം 4.83 ലക്ഷം മെട്രിക് ടൺ എന്നത് 2018-19 ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നതിന് അനുവദിക്കുന്ന എൽ.ഒ.പി. സമ്പ്രദായം കേന്ദ്രസർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തെ മത്സ്യോല്പാദനം വർദ്ധിക്കുന്നതിന് സാഹചര്യം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | LoP നിർത്തലാക്കിയ പശ്ചാത്തലത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിനായി PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വിതരണം ചെയ്യുന്ന പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ